"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ്-കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിയ്ക്കുന്ന നിയന്ത്രണങ്ങൾ- പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.40/2022/DMD തീയതി,തിരുവനന്തപുരം, 14/01/2022

---

പരാമർശം:- 1.സ.ഉ(സാധാ) നം.564/2021/ഡിഎംഡി തീയതി 04.08.2021
2.സ.ഉ(സാധാ) നം.669/2021/ഡിഎംഡി തീയതി 02.10.2021
3.സ.ഉ(സാധാ) നം.729/2021/ഡിഎംഡി തീയതി 05.11.2021
4.സ.ഉ(സാധാ) നം.08/2022/ഡിഎംഡി തീയതി 04.01.2022
5.സ.ഉ(സാധാ) നം.22/2022/ഡിഎംഡി തീയതി 10.01.2022

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ പരാമർശിത ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 20(3)-ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ കർശനമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. കോവിഡുമായി ബന്ധപ്പെട്ട ഡാറ്റാ കോവിഡ് ജാഗ്രതാ പോർട്ടലിലൂടെ പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തങ്ങളുമായി ബന്ധപെട്ടു പ്രവർത്തിക്കുന്ന വകുപ്പുകൾക്ക് ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കോവിഡ് ക്ലസ്റ്ററുകൾ കണ്ടെത്തി അത്തരം സ്ഥലങ്ങളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ല കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.
3. സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്ന ഗർഭിണികൾക്ക് വർക്ക് ഫ്രം ഹോം സംവിധാനം അതത് വകുപ്പ് മേധാവികൾക്ക് അനുവദിക്കാവുന്നതാണ്.
4. ഒമ്പതാം ക്ലാസ് വരെയുള്ള ക്ലാസ്സുകൾ ജനുവരി 21 മുതൽ രണ്ടാഴ്ച്ചത്തേക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണ്.ഈ കാലയളവിന് ശേഷമുള്ള അദ്ധ്യയനത്തെക്കുറിച്ച് പിന്നീട് തീരുമാനിക്കുന്നതാണ്.
5. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലസ്റ്ററുകൾ രൂപപ്പെട്ടാൽ ഉടൻ തന്നെ അവിടം 15 ദിവസത്തേക്ക് അടച്ചിടാൻ പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ എന്നിവർക്ക് അധികാരം നൽകുന്നു.
6. എല്ലാ സർക്കാർ,അർദ്ധ സർക്കാർ, സഹകരണ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപങ്ങളിലും നടത്തുന്ന യോഗങ്ങളും, പരിപാടികളും, ചടങ്ങുകളും ഓൺലൈനായി മാത്രം നടത്തേണ്ടതാണ് .
7. മൂന്ന് ദിവസത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20 ൽ കൂടുതലുള്ള ജില്ലകളിൽ എല്ലാത്തരം സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, സാമുദായിക പൊതുപരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾ

എന്നിവയുടേത് പോലെ 50 പേരായി പരിമിതപ്പെടുത്തേണ്ടതാണ്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ൽ കൂടുതൽ വന്നാൽ പൊതുപരിപാടികൾ നടത്താൻ അനുവദിക്കില്ല.

8. എല്ലാ കടകളും ഓൺലൈൻ ബുക്കിങ്ങും വിൽപ്പനയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
9. മാളുകളിൽ ജനത്തിരക്ക് ഉണ്ടാകാത്ത രീതിയിൽ 25 സ്ക്വയർ ഫീറ്റിൽ ഒരാളെന്ന നിലയിൽ നിശ്ചയിക്കേണ്ടതും അതനുസരിച്ച് മാത്രം ആളുകളെ പ്രവേശിപ്പിക്കേണ്ടതുമാണ്. ഇത് ജില്ലാ ഭരണ കൂടം ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33
എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by Preetha V
Date: 14-01-2022 21:27:09
Reason: Approved

സെക്ഷൻ ഓഫീസർ